ഉള്ളത് ഒരു കോൺസ്റ്റിറ്റ്യൂഷൻ പ്രോബ്ലമായിരിക്കുകയാണ്. നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ ഇത് ഇന്നലെവരെ തുടർന്നതാണ്. ഇപ്പോഴത്തെ ആവശ്യം ഇപ്പോൾ ഇത് തുടരണമെന്നാണ്.

മി. ഡെ. സ്പീക്കർ : അത് പരിശോധിച്ച് വേണ്ടതു ചെയ്യും.

(1) 1985-ലെ കേരളാ കർഷകത്തൊഴിലാളി ഭേദഗതി ബില്ല് (തുടർച്ച)

ശ്രീ. സി. ടി. കൃഷ്ണൻ : സർ, 1974-ലെ കേരളാ കർഷകത്തൊഴിലാളി നിയമത്തിനു് ആറ് ഏഴ് പ്രാവശ്യം കൊണ്ടുവന്നിട്ടുള്ള ഭേദഗതികളാണ് ഞാൻ ഉന്നയിക്കുന്നത്. ഇത് ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. 20 ലക്ഷത്തോളം വരുന്ന കേരളത്തിലെ കർഷകത്തൊഴിലാളികളും വളരെയധികം പാവപ്പെട്ടവരാണ്. അദ്ധ്വാനിക്കുന്നവരാണ്, ബുദ്ധിമുട്ടുള്ളവരാണ്. അവർക്ക് ഇന്നുള്ള നിയമത്തിൽ പറയുന്ന കാര്യങ്ങളൊന്നുകൊണ്ട് യാതൊരു ഗുണവും ലഭിക്കുന്നില്ല. ഞാൻ ഉന്നയിക്കുന്ന ഭേദഗതികളിൽ ഒന്ന് സ്ഥിരം തൊഴിലാളികളുടെ ആശ്രിതർക്ക് ജോലി കൊടുക്കണമെന്നാണ്. പാലക്കാട്ട് ഐ. ആർ. സി. കൂടി ഇപ്പോഴത്തെന്നെ ആശ്രിതർക്ക് അഡീഷണൽ വർക്കിനു് മുൻഗണന കൊടുക്കണമെന്ന തീരുമാനം എടുത്തിട്ടുണ്ട്. പാവപ്പെട്ട തൊഴിലാളികളും വളരെക്കാലം പണിയെടുത്തിട്ട് വാർദ്ധക്യത്തിൽ പിരിഞ്ഞു പോകുന്നു. അങ്ങനെ പിരിഞ്ഞുപോകുന്ന സമയത്ത് അല്ലെങ്കിൽ പണിയെടുക്കാൻ പറ്റാതെ വരുന്ന അവസരത്തിൽ അവരുടെ കുടുംബങ്ങളിലുള്ള മകനും, മരുമകനും, അനിയൻ, ജ്യേഷ്ഠൻ അങ്ങനെ ആറ് ഏഴു പേരോഗം ആളുകളെ ആശ്രിതരായി ഉൾപ്പെടുത്തി, ആ ആശ്രിതർക്ക് ജോലി കൊടുക്കുന്ന വ്യവസ്ഥ ഇന്നുതന്നെ പല സ്ഥലത്തും അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. തോട്ടങ്ങളിലും വ്യവസായ സ്ഥാപനങ്ങളിലുമെല്ലാംതന്നെ ഇത് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ കാർഷിക മേഖലയിൽ ഈ നിയമത്തിനു് പ്രാബല്യം ലഭിക്കുന്നില്ല. ഇത് നിയമപരമായി അംഗീകരിച്ചിട്ടില്ല. അതുകൊണ്ട് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് സ്ഥിരം തൊഴിലാളികളുടെ ആശ്രിതർക്ക് ജോലി നൽകുകയെന്നുള്ളത്. അതിനാൽ ഈ ഭേദഗതി അംഗീകരിക്കുന്നതിനു് യാതൊരു ബുദ്ധിമുട്ടുമുണ്ടാവുകയില്ല. അതുപോലെ പിരിഞ്ഞു പോകുമ്പോഴും പിരിച്ചു വിടുമ്പോഴും നഷ്ടപരിഹാരം കൊടുക്കണമെന്ന് വ്യവസ്ഥയുണ്ടാകണം. എല്ലാ ജീവനക്കാരും എല്ലാ വിഭാഗം തൊഴിലാളികളും ജോലിയിൽനിന്നും പിരിഞ്ഞു പോകുമ്പോൾ അവർക്ക് നഷ്ടപരിഹാരം കൊടുക്കുന്ന ഒരു സമ്പ്രദായം ഉണ്ട്. എന്നാൽ കർഷകത്തൊഴിലാളികൾക്ക് അത്തരം ഒരു ഏർപ്പാട് ഇന്നുവരെ ഉണ്ടായിട്ടില്ല. പല സ്ഥലത്തും തൊഴിലാളികളും ആവശ്യപ്പെട്ട് തൊഴിൽ ഉടമകളുമായി ചർച്ച നടത്തി ഉഭയകക്ഷി പ്രകാരം ചർച്ച നടത്തി കൊടുക്കുന്ന ചില ആനുകൂല്യങ്ങളല്ലാതെ അതിനു് നിയമപ്രാബല്യമോ അങ്ങനെ കൊടുക്കണമെന്നു് വ്യവസ്ഥയോ ഇന്നുവരെ ഉണ്ടായിട്ടില്ല. അതുകൊണ്ട് മറ്റെല്ലാ തൊഴിലാളികൾക്കും കിട്ടുന്ന ആനുകൂല്യം കർഷകത്തൊഴിലാളികൾക്ക് മാത്രം നിഷേധിക്കുന്നത് ശരിയല്ല. കർഷകത്തൊഴിലാളികൾക്കും അവർ ജോലിയിൽ നിന്നും പിരിഞ്ഞുപോകുന്ന അവസരത്തിൽ അവർക്ക് നഷ്ടപരിഹാരം കൊടുക്കുന്ന ഒരു വ്യവസ്ഥ ഉണ്ടാക്കണം.

പിന്നെ ഭൂമി തുണ്ടു തുണ്ടായി വിൽക്കപ്പെടുന്നു. പത്തും പതിനഞ്ചും ഏക്കർ ഭൂമി ഉണ്ടായിരുന്നതിൽ ഒരേക്കർ, അര ഏക്കർ വീതം വീതം അവസാനം ഒന്നോ, രണ്ടോ ഏക്കറായി ചുരുങ്ങുന്നു. അങ്ങനെ പത്തും പതിനഞ്ചും തൊഴിലാളികൾ ഒരുമിച്ച് പണിയെടുത്തിരുന്ന പല സ്ഥലത്തും ഭൂമി ചുരുങ്ങി വരുന്നതുകൊണ്ട് തൊഴിലാളികൾക്ക് പണിയുടെ ദിവസങ്ങൾ കുറഞ്ഞ് പണിയെടുക്കാൻ പറ്റാത്ത സാഹചര്യം വരുന്നു. അതുപോലെ കർഷകത്തൊഴിലാളികൾക്കുവേണ്ടി ഭൂമി ഒഴിപ്പിക്കപ്പെടുന്നു. എറണാകുളത്തുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഇരുമ്പനത്ത് പദ്ധതി പ്രദേശങ്ങൾക്കുവേണ്ടി ഭൂമി ഒഴിപ്പിക്കപ്പെട്ടതിന്റെ ഫലമായി 400 തൊഴിലാളികൾക്ക് ജോലിയില്ലാതായി. അങ്ങനെ പദ്ധതി പ്രദേശങ്ങൾക്കുവേണ്ടി ഭൂമി ഒഴിപ്പിക്കപ്പെടുമ്പോഴും, ഭൂമി തുണ്ടുതുണ്ടായി വിൽക്കപ്പെടുമ്പോഴും തൊഴിലാളികൾക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കണം. അത് ഇല്ലാത്തതിന്റെ ഫലമായി നിരവധി തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുന്ന സാഹചര്യമാണുള്ളത്. തൊഴിലാളികൾ പണിയെടുക്കുന്ന അവസരത്തിൽ അപകടമരണങ്ങളും സംഭവിക്കുന്നു. ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ പാമ്പ് കടിക്കാറുണ്ട്. കണ്ടത്തിൽ ട്രാക്ടർ ഉഴുതുകൊണ്ടിരിക്കുമ്പോഴും കന്നുകാലികളെ പൂട്ടിക്കൊണ്ടിരിക്കുന്ന അവസരത്തിലും, മരുന്നു തളിക്കുന്ന അവസരത്തിലുമൊക്കെ നിരവധി അപകട മരണങ്ങളും ഉണ്ടാകാറുണ്ട്. പരിക്കുകളും പറ്റാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ അവർക്ക് യാതൊരു ആനുകൂല്യവും കൊടുക്കുന്നതിനു വകുപ്പും, വ്യവസ്ഥയും ഈ നിയമത്തിൽ ഇല്ല. ഒരു ഹെക്ടറിനു താഴെ ഭൂമിയുള്ളവർക്ക് ഈ നിയമത്തിൽ പറയുന്ന നിരവധി വകുപ്പുകളും ബാധകമല്ല. ഒരു ഹെക്ടർ എന്നു പറഞ്ഞാൽ 25 പറയോളം വരും. അതുകൊണ്ട് അത് അര ഹെക്ടർ എന്നാക്കിയാൽ മാത്രമെ എന്തെങ്കിലും ഗുണം ഈ നിയമംകൊണ്ട് തൊഴിലാളികൾക്ക് കിട്ടാൻ പോകുന്നുള്ളു.

സർ, രജിസ്ട്രേഷൻ ചെയ്യുന്നതിനെക്കുറിച്ച് ഈ നിയമത്തിൽ പറഞ്ഞിട്ടുണ്ട്. 1975-ൽ കർഷകത്തൊഴിലാളികളുടെ രജിസ്ട്രേഷൻ പുതുക്കിയതാണ്. അതിനു ശേഷം ഇന്നുവരെ ആ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. രജിസ്ട്രേഷൻ പുതുക്കാത്തതുകൊണ്ട് കർഷകത്തൊഴിലാളികളിൽ ആരാണ് സ്ഥിരം തൊഴിലാളി എന്നൊക്കെ അറിയുന്നതിനു യാതൊരു നടപടിക്രമങ്ങളും ഇന്നില്ല. അതുകൊണ്ട് വർഷാവർഷം കർഷകത്തൊഴിലാളികളുടെ രജിട്രേഷൻ പുതുക്കുന്നതിനു ഒരു നടപടി വേണം. 1975-ൽ പുതുക്കിയിട്ട് പത്തു പതിനൊന്ന് കൊല്ലമായിട്ട് രജിട്രേഷൻ പുതുക്കാതിരുന്നാൽ ലേബർ ഓഫീസിൽ കയറി ഇറങ്ങുന്നവർക്ക് ദിവസേന തർക്കമാണ്. ആരാണ് സ്ഥിരം തൊളിലാളി എന്നു തീരുമാനിക്കുന്നതിനു ഒരു വ്യവസ്ഥയും ഇന്നില്ല. അതുകൊണ്ട് എല്ലാക്കൊല്ലവും രജിസ്ട്രേഷൻ പുതുക്കി സ്ഥിരം തൊഴിലാളിയാണോയെന്ന് തീരുമാനിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കണം.

സർ, ഒരു ക്ഷേമനിധിയെക്കുറിച്ച് മന്ത്രി ഇടയ്ക്കിടയ്ക്ക് പത്രത്തിൽ പ്രസ്താവിക്കാറുണ്ട്. കർഷക തൊഴിലാളികൾക്ക് അത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. അതിനുവേണ്ടി നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു. കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതു സംബന്ധിച്ച് റിപ്പോർട്ട് മന്ത്രിക്ക് കിട്ടിയെന്നാണ് പറയുന്നത്. പാലക്കാട്ട് പ്രൊവിഡന്റ് ഫണ്ടിനെക്കുറിച്ചു പറയുന്നുണ്ട്. പക്ഷെ ഇന്ന് പ്രൊവിഡന്റ് ഫണ്ടുമില്ല, മന്ത്രി പറയുന്ന ക്ഷേമനിധിയുമില്ല. കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം കക്ഷത്തിരുന്നതും പോയി. ഉത്തരത്തിലിരുന്നത് കിട്ടിയുമില്ല എന്നു പറയുന്നതുപോലെ രണ്ടും നഷ്ടപ്പെട്ടു. അതിനാൽ ആ ക്ഷേമനിധി നടപ്പിലാക്കുന്നതു സംബന്ധിച്ച് മന്ത്രി എന്തെങ്കിലും പറഞ്ഞാൽ തരക്കേടില്ല. ഈ ഭേദഗതികൾ അംഗീകരിക്കണം, കേരളത്തിൽ 20 ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികളെ ബാധിക്കുന്നതാണ്. അവർ ഏറ്റവും അടിസ്ഥാന വർഗ്ഗമാണ്. ഈ ഭേദഗതികൾ അംഗീകരിച്ചാൽ മാത്രമെ അവർക്ക് ഈ നിയമം കൊണ്ട് ഗുണമുള്ളു. അതിനാൽ ഇത് അംഗീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ഈ ആക്ടിൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ പല പോരായ്മകളുമുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. നിയമനിർമ്മാണം നടത്തുന്ന കാലത്ത് ഒരേക്കറുള്ള ആളുകൾക്ക് ഇത് ബാധകമാകരുത് എന്നാണ് തീരുമാനിച്ചിരുന്നത്. അതിന് ചില കാരണങ്ങളുമുണ്ട്. കർഷകരുടെ ബുദ്ധിമുട്ടുകളും തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാൻ അവർക്ക് കഴിയുമോയെന്നുള്ള വസ്തുതകളുമൊക്കെ പരിഗണിച്ചാണ് ഈ നിയമം അങ്ങനെയുള്ളവർക്ക് ബാധകമാക്കണ്ട എന്നു തീരുമാനിച്ചത്. അതുപോലെ മറ്റു തൊഴിലാളികളെ ലഭ്യമല്ലാതാകുമ്പോൾ കർഷകർക്ക് സ്വന്തമായി ആളുകളെ വയ്ക്കാനുള്ള വ്യവസ്ഥയും വളരെ അവധാന പൂർവ്വം ആലോചിച്ച് നിയമനിർമ്മാണ കാലത്ത് ചെയ്തിട്ടുള്ളതാണ്. ഈ നിയമത്തിന്റെ മെറിറ്റ്സും ഡീമെറിറ്റ്സും പരിഗണിച്ചാൽ മാത്രമെ കൃഷി നടക്കുകയുള്ളു എന്നുള്ളതാണ് വാസ്തവം. നിയമസഭയിൽ തന്നെ നെൽകൃഷി ലാഭകരമായി നടക്കുന്നില്ല, അത് ലാഭകരമാക്കുന്നതിന് കൂടുതൽ കാര്യങ്ങൾ ചെയ്യണമെന്ന് പ്രസംഗങ്ങളും പ്രമേയങ്ങളും വരാറുണ്ട്. അത് പരിഗണനയിലിരിക്കുന്ന സമയമാണ്. അതുകൊണ്ട് നെൽക്കൃഷിക്കാർക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്നതും തൊഴിൽത്തർക്കങ്ങൾ ഉണ്ടാക്കുന്നതിന് ഇടയാക്കുന്നതുമായ ഇത്തരം ഭേദഗതികൾ സ്വീകരിക്കുന്നതിന് അതിന്റെ മെറിറ്റ്സും ഡീമെറിറ്റ്സും പരിഗണിച്ചാലും ബുദ്ധിമുട്ടുണ്ട്. അവർക്ക് റിട്ടയർമെന്റ് ബെനിഫിറ്റ്സിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് ശരിയാണ്. അവരുടെ വെൽഫയർ ഫണ്ട് പ്രായോഗികം അല്ലെന്ന് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ചർച്ചകളും പഠനങ്ങളും നടത്തി. കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുന്നതിന് ഒരു സ്കീം ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ട്. അതു ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. അതിന്റെ ബില്ല് ഡ്രാഫ്റ്റ് ചെയ്തു പരിഗണനയിലിരിക്കുന്നുണ്ട്. തൊഴിലാളികൾക്ക് വളരെയധികം മെച്ചം കിട്ടുന്ന ആ ക്ഷേമനിധി ഇവിടെ നിയമംകൊണ്ട് വേഗം നടപ്പാക്കുന്നതാണ്. ഈ പരിതസ്ഥിതിയിൽ ബഹുമാനപ്പെട്ട മെമ്പർ ഇത് പ്രസ് ചെയ്യരുത് എന്നാണു എനിക്ക് പറയാനുള്ളത്.

ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി).

അനുകൂലിക്കുന്നവർ—50

1 ശ്രീ. ടി.കെ. അബ്ദു
2 ,, കെ.പി. അരവിന്ദാക്ഷൻ
3 ,, ടി.കെ. ആറുമുഖൻ
4 ,, ബേബിജോൺ
5 ,, കെ. കെ. ബാലകൃഷ്ണൻ
6 ,, കോടിയേരി ബാലകൃഷ്ണൻ
7 ,, ഒ. രേതൻ
8 ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9 ശ്രീ. സി.കെ. ചക്രപാണി
10 ,, കെ. ആർ. ചന്ദ്രമോഹനൻ
11 ,, കെ. ചന്ദ്രശേഖരൻ
12 ശ്രീ.വി.എസ്. ചന്ദ്രശേഖരൻ പിള്ള
13 ,, സിറിയക്ക് ജോൺ
14 ശ്രീമതി പി. ദേവൂട്ടി
15 ശ്രീമതി കെ. ആർ. ഗൗരി
16 ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
17 ,, ടി. കെ. ഹംസ
18 ,, കെ.ഇ. ഇസ്മായിൽ
19 ,, ഇ. കെ. നായനാർ
20 ,, വി. സി. കബീർ
21 ,, കെ. ടി. കണാരൻ
22 ,, എം. കെ. കേശവൻ

LIBRARY ARCHIVES Kerala Legislative Assembly

23 ശ്രീ. വി. കേശവൻ
24 ,, സി. ടി. കൃഷ്ണൻ
25 ,, കെ. കൃഷ്ണൻകുട്ടി
26 ,, കെ.ടി. കുമാരൻ
27 ,, പി. കുമാരൻ
28 ,, പി.വി.കുഞ്ഞിക്കണ്ണൻ
29 ,, ലോനപ്പൻ നമ്പാടൻ
30 ,, സി. പി. മൂസ്സാൻ കുട്ടി
31 ,, എ. കെ. പത്മനാഭൻ
32 ,, ഇ. പത്മനാഭൻ
33 ,, കെ. പങ്കജാക്ഷൻ
34 ,, ടി. പി. പീതാംബരൻ മാസ്റ്റർ
35 ,, കെ. പി. പ്രഭാകരൻ
36 ,, ശ്രീമതി റേച്ചൽ സണ്ണി പനവേലി
37 ശ്രീ. വർക്കല രാധാകൃഷ്ണൻ
38 ,, വി. കെ. രാജൻ
39 ,, കാനം രാജേന്ദ്രൻ
40 ,, എ. സി. ഷൺമുഖദാസ്
41 ഡോക്ടർ എ. സുബ്ബറാവു
42 ശ്രീ. കെ. വി. സുരേന്ദ്രനാഥ്
43 ,, എ. വി. താമരാക്ഷൻ
44 ,, സി. കെ. തങ്കപ്പൻ
45 ,, വി. ജെ. തങ്കപ്പൻ
46 ,, എസ്. ആർ. തങ്കരാജ്
47 ,, പി. സി. തോമസ് (കടുതുരുത്തി)
48 ,, ആർ. എസ്. ഉണ്ണി
49 ,, ജി. വരദൻ
50 ,, പി. വിജയദാസ്

പ്രതികൂലിക്കുന്നവർ—47

1 ശ്രീ. സി. ടി. അഹമ്മദ് അലി
2 ,, കെ. അവുക്കാദർ കുട്ടിനഹ
3 ,, ആർ. ബാലകൃഷ്ണപിള്ള
4 ,, തെന്നല ജി. ബാലകൃഷ്ണപിള്ള
5 ,, പി. കെ. കെ. ബാവ
6 ,, യു. എ. ബീരാൻ
7 ,, ബെന്നി ബെഹനാൻ
8 ,, പി. ഭാസ്കരൻ
9 ,, വി. ദിനകരൻ
10 ,, എ. ജോർജ്ജ്
11 ,, പി. സി. ജോർജ്
12 ,, എം. എം. ഹസ്സൻ
13 ,, എം. പി. എം. ഇസ്ഹാക് കുരിക്കൾ
14 ,, എ. എൽ. ജേക്കബ്
15 ,, റ്റി. എം. ജേക്കബ്
16 ,, റ്റി. എസ്. ജോൺ
17 ,, എ. സി. ജോസ്
18 ഡോക്ടർ കെ. സി. ജോസഫ്
19 ശ്രീ. പി. ജെ. ജോസഫ്
20 ശ്രീമതി എം. കമലം
21 ശ്രീ. കെ. ജി. ആർ. കർത്താ
22 ,, കെ. കരുണാകരൻ
23 ,, പി. കെ. കുഞ്ഞാലിക്കുട്ടി
24 ശ്രീ മണിമംഗലത്തു കുട്ട്യാലി
25 ,, കെ. പി. എ. മജീദ്
26 ,, ഇ. ടി. മുഹമ്മദ് ബഷീർ
27 ,, കെ. പി. നൂറുദ്ദീൻ
28 ,, ഉമ്മൻചാണ്ടി
29 ,, സി. വി. പത്മരാജൻ
30 ,, തച്ചടി പ്രഭാകരൻ
31 ,, കെ. രാഘവൻ മാസ്റ്റർ
32 ,, കെ. പി. രാമചന്ദ്രൻ നായർ
33 ,, തേറമ്പിൽ രാമകൃഷ്ണൻ
34 ,, തോപ്പിൽ രവി
35 ,, എൻ. ശക്തൻ നാടാർ
36 ,, പി. സീതി ഹാജി
37 ,, കടവൂർ ശിവദാസൻ
38 ,, എൻ. ശ്രീനിവാസൻ
39 ,, പന്തളം സുധാകരൻ
40 ,, കോട്ടക്കുഴി സുകുമാരൻ
41 ,, സി. എം. സുന്ദരം
42 ,, എൻ. സുന്ദരൻ നാടാർ
43 ,, വി. സുരേന്ദ്രൻ പിള്ള
44 ,, സി. എഫ്. തോമസ്
45 ,, കെ. കെ. തോമസ്
46 ,, പി. കെ. വേലായുധൻ
47 ,, സ്റ്റീഫൻ പാമുവ

നിഷ്പക്ഷർ—ഇല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഈ പ്രമേയത്തെ

അനുകൂലിക്കുന്നവർ 50
പ്രതികൂലിക്കുന്നവർ 47
നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.
ബില്ലിന് അവതരണാനുമതി നൽകിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly